# സാമ്പത്തിക ഞെരുക്കത്തിന്റെ പേരിൽ പലിശ ഒഴിവാക്കാനാവില്ല

## കേരള ഹൈക്കോടതി

W.P. (C) No. 16049/2020 Dt. 8.9.2020

സെൻട്രൽ ട്രാവൻകോർ സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റൽ

x

റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

പബ്ലിക് ലിമിറ്റഡ് കമ്പനി നടത്തുന്ന ആശുപത്രിയാണ് ചെങ്ങന്നൂരിൽ സ്ഥിതിചെയ്യുന്ന സെൻട്രൽ ട്രാവൻകോർ സ്പെഷ്യലിസ്റ്റ്സ് ഹോസ്പിറ്റൽ. 2000–ലാണ് ആശുപത്രി പ്രവർത്തനമാരംഭിച്ചത്. 160 കിടക്കകളുള്ള ആശുപത്രിയാണത്. ആശുപത്രിക്ക് ഇ.പി.എഫ്. നിയമം ബാധകമാണ്. ആരംഭദശയിൽ ആശുപത്രി ആദായമുണ്ടാക്കിയെങ്കിലും 2014 ആയപ്പോഴേക്കും അത് സാമ്പത്തിക ഞെരുക്കത്തിലായി. അതുവരെ ഇ.പി.എഫ്. വിഹിതം കൃത്യസമയത്ത് കമ്പനി അടച്ചിരുന്നതാണ്. എന്നാൽ 2014 മുതൽ കാലതാമസം വന്നതിനു ശേഷമാണ് വിഹിതമടയ്ക്കാൻ സാധിച്ചിരുന്നത്. വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയ കമ്പനിക്ക് ഇ.പി.എഫ്. അധികൃതർ പലിശ ചുമത്തി. 2014 മുതൽ 2019 വരെയുള്ള കാലയളവിൽ കുടിശിക വരുത്തിയതിന് പത്ത് ലക്ഷത്തോളം രൂപ കമ്പനി പലിശ നല്കണമെന്ന് ഇ.പി.എഫ്. കമ്മീഷണർ ഉത്തരവിട്ടു. നഷ്ടത്തിൽ പ്രവർത്തിച്ചുവന്ന കമ്പനിക്ക് പലിശ ചുമത്തിയത് ഇരുട്ടടിയായിത്തീർന്നു. പണമടയ്ക്കാൻ നിർവ്വാഹമില്ലാതിരുന്ന കമ്പനിക്കെതിരെ റിക്കവറി നടപടി ആരംഭിച്ചത് കമ്പനിയെ വിഷമവൃത്തത്തിലാക്കി. അപ്പോഴേക്കും ആഗോള പകർച്ചവ്യാധി ലോകത്തിന്റെ തന്നെ സമ്പദ്ഘടന താറുമാറാക്കിയിരുന്നു. അപ്രകാരമിരിക്കെ കമ്പനി നടത്തുന്ന ആശുപത്രി ആഗോള പകർച്ച വ്യാധിയുടെ ചികിത്സക്കായി സംസ്ഥാന സർക്കാരിന് വിട്ടുകൊടുക്കാൻ കമ്പനി നിർബ്ബന്ധിതമായി. അതോടെ യാതൊരു വരുമാനവും ആശുപത്രിയിൽ നിന്ന് ലഭിക്കാതായി. ഗത്യന്തരമില്ലാതെ കമ്പനി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സാമ്പത്തിക ഞെരുക്കം, ആഗോള പകർച്ച വ്യാധി, സംസ്ഥാന സർക്കാർ ആശുപത്രി ഏറ്റെടുത്തത് എന്നീ സാഹചര്യങ്ങൾ പരിഗണിച്ച് പലിശയിൽ നിന്ന് തങ്ങളെ ഒഴിവാക്കണമെന്ന് ആശുപത്രി മേനേജ്മെന്റ് ആവശ്യപ്പെട്ടു. വിഹിതമടയ്ക്കാൻ വൈകിയാൽ പലിശ നല്കണമെന്നത് നിയമപരമായി നിർബ്ബന്ധിതമാണെന്നും സാമ്പത്തിക ഞെരുക്കത്തിന്റെയോ സമാന കാരണങ്ങളുടെയോ പേരിൽ പലിശയിൽ നിന്ന് ഒഴിവ് നല്കാനാവില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. എന്നാൽ കമ്പനിയുടെ അസാധാരണ സാഹചര്യം കണക്കിലെടുത്ത് പലിശ പന്ത്രണ്ട് തുല്യ ഗഡുക്കളായി നല്കിയാൽ മതിയെന്നും അതുവരെ റിക്കവറി നടപടികൾ നർത്തിവയ്ക്കണമെന്നും ഹൈക്കോടതി ഇ.പി.എഫ്. അധികൃതർക്ക് നിർദ്ദേശം നല്കുകയും രണ്ട് ഗഡു മുടക്കം വരുത്തിയാൽ മുഴുവൻ സംഖ്യയും ബലമായി പിടിച്ചെടുക്കാമെന്ന് വ്യക്തമാക്കുകയും ചെയ്തു.